ഉത്തരം

(എ) കെട്ടിടത്തിന്റെ ഫിനിഷിംഗ് പണികളും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളും പുരോഗമിച്ചു വരുന്നു.

(ബി) കെട്ടിടം രണ്ടുമാസത്തിനകം കോളേജിന് കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മുൻ സർക്കാരിന്റെ കാലത്തു നടത്തിയ മരാമത്ത് പണികളുടെ കുടിശ്ശിക

67 (4347) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ സർക്കാർ പണിപൂർത്തിയാക്കിയ മരാമത്തുപണികളുടെ വകയിൽ എത്ര രൂപയുടെ ബാദ്ധ്യതയാണ് തീർത്തതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനിയും പണം കൊടുത്തുതീർക്കാനുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മരാമത്ത് വകുപ്പിൽ എത്ര കോടി രൂപയുടെ മരാമത്ത് പണികൾ നടത്തിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ദേശീയപാതാവിഭാഗത്തിൽ 555.66 ലക്ഷം രൂപയുടെ കുടിശ്ശിക ബില്ലുകൾ തീർത്തിട്ടുണ്ട്. ഇനിയും പണം കൊടുത്തുതീർക്കാനില്ല. മറ്റു വിഭാഗങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ദേശീയപാതാവിഭാഗത്തിൽ 4,12,130,843 രൂപയുടെ മരാമത്ത് പണികൾ നടത്തിയിട്ടുണ്ട്. മറ്റ് വിഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന റോഡ്

68 (4348) ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വയനാട് ചുരം റോഡിന് ബദലായി മലപ്പുറം കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന തിരുവമ്പാടി-ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly